പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 339 — 27.09.2011-ൽ മറുപടിയ്ക്ക്

## പരവൂരിൽ 66 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പരവൂരിൽ പണി ആരംഭിച്ചിട്ടുള്ള 33 കെ. വി സബ്സ്റ്റേഷൻ 66 കെ. വി സബ്സ്റ്റേഷനായി ഉയർത്തി നിർമ്മാണം തുടരണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ നിവേദനത്തിൽപ്പറയുന്ന കാര്യങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയോ എന്നും അതിൻ പ്രകാരം എന്ത് നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കുമോ ; | (ബി) നിവേദനത്തിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തെ വൈദ്യുതി ഉപഭോഗം പരിശോധിച്ചതിൽ നിന്നും ഇപ്പോൾ 33 കെ.വി സബ്സ്റ്റേഷൻെറ ആവശ്യമേ ഉള്ളൂ എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. കൂടാതെ നിവേദനത്തിൽ ആവശ്യപ്പെട്ടതുപ്രകാരം സബ്സ്റ്റേഷൻ 66 കെ.വി ആക്കി ഉയർത്തുന്നതിന് 66 കെ.വി വൈദ്യുതി എത്തിക്കുന്നതിനുള്ള സാധ്യത ഇപ്പോൾ നിലവിലില്ല. ഭൂവിയിൽ വൈദ്യുതിയുടെ ആവശ്യകത വർദ്ധിക്കുന്നതനുസരിച്ച് ഈ സബ്സ്റ്റേഷനിൽ വേണ്ട മാറ്റങ്ങൾ വരുത്തി ഇവിടേയ്ക്ക് 10 കെ.വി വൈദ്യുതി എത്തിച്ച് ഇത് ഒരു 110 കെ.വി സബ്സ്റ്റേഷനാക്കാൻ സാധിക്കും. |
| (സി) പരവൂരിൽ നിർമ്മാണത്തിലിരിക്കുന്ന സബ്സ്റ്റേഷൻെറ പ്രവർത്തന പുരോഗതി അറിയിക്കുമോ ? | (സി) നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇവിടേയ്ക്ക് കൊട്ടിയത്തു നിന്നുള്ള 33 കെ.വി ലൈനിൻെറ കായലിൽ കൂടിയുള്ള |

നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് 2012 മാർച്ച് മാസത്തോടുകൂടി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യത്തക്കവണ്ണം പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ.